(സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി & സി) ബാധകമല്ല.

കാസർഗോഡ് അന്ധവിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനെക്കുറിച്ചുള്ള പരാതി

74 (2949) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അന്ധവിദ്യാലത്തിലെ പ്രധാന അദ്ധ്യാപകനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്താണെന്നും അതേ തുടർന്നുള്ള നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) സ്കൂൾ കമ്മിറ്റിയുമായി ആലോചിക്കാതെ സ്കൂളിന് പുതിയ ഒന്നിലധികം ബോർഡ് വെച്ചതും സ്കൂളിന്റെ അച്ചടക്കം നിലനിർത്തുന്നതിൽ പരാജയപ്പെട്ടതും യഥാസമയത്ത് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് പൂർത്തിയാക്കാൻ കഴിയാത്തതുമാണ് അന്വേഷണത്തിന്റെ പേരിൽ ഹെഡ്മാസ്റ്റർക്ക് എതിരെ കണ്ടെത്തിയ കാര്യങ്ങൾ. ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ പ്രകാരം കാസർഗോഡ് സർക്കാർ അന്ധവിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനെ കുന്നംകുളം ഗവൺമെന്റ് അന്ധവിദ്യാലത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

പി. ഡി. ടീച്ചർ തസ്തികയിലേയ്ക്കുള്ള നിയമനം

75 (2950) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പി.ഡി. ടീച്ചർ തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രവരെ നിയമനം നൽകി എന്ന് ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly